# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2430 18.06.2014-ൽ മറുപടിക്ക്**

**ജലനിധി രണ്ടാം ഘട്ട പദ്ധതി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.വി.റ്റി.ബൽറാം | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | |
| --- | --- |
| (എ) ജലനിധി രണ്ടാം ഘട്ട പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ | (എ) ജലനിധി രണ്ടാംഘട്ട പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. 1022 കോടി രൂപ മുതൽ മുടക്കി 2012-17 കാലയളവിൽ ഗ്രാമ പഞ്ചായത്തുകളിൽ ജനകീയ പങ്കാളിത്തത്തോടെ കുടിവെള്ള ശുചിത്വ സൗകര്യങ്ങൾ ഒരുക്കുന്ന രണ്ടാം ഘട്ട ജലനിധി പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. പദ്ധതിയുടെ ഒന്നാം ബാച്ചിൽ ആലപ്പുഴ, എറണാകുളം ഒഴികെ കേരളത്തിലെ ബാക്കി ജില്ലകളിൽ നിന്നുമുള്ള ഗ്രാമപഞ്ചായത്തുകളിലും, തുടർന്നുള്ള ബാച്ചുകളിൽ കാസർ കോട്, കണ്ണൂർ, വയനാട്, മലപ്പുറം കോഴിക്കോട് പാലക്കാട്, കോട്ടയം, ഇടുക്കി എന്നീ 8 ജില്ലകളിലെ തെരഞ്ഞെടുത്ത വിവിധ പഞ്ചായത്തുകളിലുമാണ് പദ്ധതി നടപ്പാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനു ദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) പദ്ധതി നടപ്പാക്കുന്നതിലൂടെ ഗ്രാമീണ ജനതയ്ക്ക് ഗുണമേന്മയേറിയതും സുസ്ഥിരവുമായ കുടിവെള്ള ശുചിത്വ സൗകര്യങ്ങൾ ആവശ്യാധിഷ്ഠിതമായ |

വികേന്ദ്രീകൃത രീതിയിൽ ഒരുക്കുന്നതാണ് പദ്ധതിയുടെ പ്രാഥമിക ലക്ഷ്യം. മൂന്നു ബാച്ചുകളിലായി 11.5 ലക്ഷത്തോളം പേർക്ക് സുരക്ഷിതമായ കുടിവെള്ളവും 6.9 ലക്ഷം പേർക്ക് ശുചിത്വ സംവിധാനങ്ങളും നടപ്പാക്കാൻ പദ്ധതി ലക്ഷ്യമിടുന്നു

| | | | |
|---|---|---|---|
| (സി) | എന്തെല്ലാം തരത്തിലുള്ള ധനസഹായങ്ങളാണ് പദ്ധതി നടത്തിപ്പിനായി പ്രയോജനപ്പെടുത്തുന്നത്; വിശദമാക്കുമോ ; | (സി) | ജലനിധി ലോകബാങ്കിന്റെ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ്. ജലനിധി നടപ്പിലാക്കുന്ന പദ്ധതികളിൽ 75% ലോക ബാങ്ക് വായ്പ മുഖേനയും 15% ഗ്രാമ പഞ്ചായത്ത് വിഹിതമായും 10% ഗുണഭോക്തൃ വിഹിതമായും സ്വരൂപിക്കുകയാണ് ചെയ്യുന്നത്. |
| (ഡി) | പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാ? | (ഡി) | ബാച്ച് 1 ലെ 20 ഗ്രാമ പഞ്ചായത്തുകളിലും, ബാച്ച് 2 ലെ 62 ഗ്രാമ പഞ്ചായത്തുകളിലും പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ബാച്ച് 1 ൽ വലുതും ചെറുതുമായ 453 കുടിവെള്ള പദ്ധതികളും, ബാച്ച് 2 ൽ 1161 കുടിവെള്ള പദ്ധതികളും നടപ്പാക്കുവാൻ വിഭാവനം ചെയ്തിരിക്കുന്നു. ഇതുമൂലം ഏകദേശം 9,60,000 പേർക്ക് പ്രയോജനം ലഭിക്കും |

സെക്ഷൻ ഓഫീസർ